ഉത്തരം

ധനകാര്യ നിയമം 2014 പാസ്സാക്കിയപ്പോൾ വെളിച്ചെണ്ണ ഉപയോഗിച്ച് നിർമ്മിക്കുന്ന വാഷിങ്ങ് സോപ്പ് ബാറുകൾ, കേക്കുകൾ എന്നിവയെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഒരു ശതമാനം നികുതി നിരക്ക് ബാധകമാക്കി ഇതല്ലാതെ കേരള സോപ്പ് ആന്റ് ഓയിൽസിന്റെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകമായ നികുതി ഇളവുകളൊന്നും തന്നെ നൽകിയിട്ടില്ല.

ചരക്ക് സേവന നികുതി സമ്പ്രദായം

214 (560) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. (ചരക്ക് സേവന നികുതി) സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തെ ഏതെല്ലാം നിലയിൽ സ്വാധീനിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന് ഉണ്ടാവുന്ന നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; അത് സംബന്ധമായി നടത്തിയ പരിശോധനയും നിഗമനങ്ങളും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ സേവന മേഖല കൂടി ഉൾപ്പെടുത്തിയതിനാലും പ്രാപ്യസ്ഥാനത്തു നികുതി ലഭ്യമാകുന്ന ഘടനയായത് കൊണ്ടും ജി.എസ്.ടി. സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. സമ്പ്രദായം നിലവിൽ വരുമ്പോൾ സംസ്ഥാനത്തിന് നികുതി നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയതിനുള്ള നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് കേന്ദ്രം ലഭ്യമാക്കുന്നതിനുള്ള വകുപ്പ് നിലവിൽ പാർലമെന്റിന്റെ പരിഗണനയിലുള്ള 122-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ആദ്യത്തെ 5 വർഷത്തേക്കാണ് നഷ്ടപരിഹാരം നൽകുന്നത്.

നികുതി പിരിവ്

215 (561) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം എത്ര രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ചു ; ആയതിന്റെ അടിസ്ഥാനത്തിൽ 2015 ജനുവരി 31 വരെ എത്ര രൂപ പിരിച്ചെടുക്കുവാൻ സാധിച്ചു ; വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly